## കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്- കോളേജുകളുടേയും ഹോസ്റ്റലുകളുടേയും സുഗമമായ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ-ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും, മനുഷ്യാവകാശ കമ്മീഷന്റേയും ഉത്തരവുകൾ-കർശനമായി നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം. ജി4/38136/2015/കോ.വി.വ. തീയതി: 16-03-2016

---

പരാമർശം: 1). 12-10-2015-ലെ 26483/ജി1/15/ഉ.വി.വ. നമ്പരായ സർക്കാർ പരിപത്രം

2). ഈ കാര്യാലയത്തിലെ 16-11-2015-ലെ ഇതേ നമ്പർ മേലെഴുത്തായ കത്ത്

3). ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 16-11-2015-ലെ Z2/W.P(C) 30612/2015-ലെ ഉത്തരവ്.

4). കേരള മനുഷ്യാവകാശ കമ്മീഷന്റെ 21-01-2016-ലെ HRMP No. 8618/2015/MPM നമ്പരായ ഉത്തരവ്.

### ഉത്തരവ്

യൂണിവേഴ്സിറ്റി / കോളേജ് ക്യാമ്പസുകളുടേയും ഹോസ്റ്റലുകളുടെയും സുഗമമായ പ്രവർത്തനം സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ മാർഗ്ഗ രേഖ സൂചന (1) സർക്കാർ പരിപത്രത്തിൽ നിർദ്ദേശിച്ചതിൻ പ്രകാരം ഈ വകുപ്പിനു കീഴിലെ എല്ലാ സർക്കാർ / എയ്ഡഡ് കോളേജുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനായി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ടി നിർദ്ദേശങ്ങൾക്കു വിരുദ്ധമായി കോളേജ് കാമ്പസിനുള്ളിലേയ്ക്ക് ഇപ്പോഴും വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടേയും വാഹനങ്ങൾ കയറ്റി വിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയതിനാൽ സൂചന (3), (4) ഉത്തരവുകളുടെ വെളിച്ചത്തിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും വീഴ്ച വരുത്തുന്ന കോളേജ് അധികാരികൾക്കെതിരെ കോടതി അലക്ഷ്യ നടപടി ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിക്കുന്നു. കൂടാതെ മുൻ പരിപത്രത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ഓരോ കോളേജിലും , ഹോസ്റ്റലിലും സ്വീകരിച്ചിട്ടുള്ള നടപടികളും മുൻ കരുതലുകളും ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്നു കൂടി അറിയിക്കുന്നു.

(ഒപ്പ് )

ഡോ. തോമസ് കുരുവിള

കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ കോളേജ് (സർക്കാർ / എയ്ഡഡ് ) പ്രിൻസിപ്പാൾമാർക്കും
2. എല്ലാ ഹോസ്റ്റൽ വാർഡന്മാർക്കും
3. വെബ് സൈറ്റ്
4. നടപ്പു ഫയൽ /. കരുതൽ ഫയൽ

\\ അംഗീകാരത്തോടെ \\

[signature]

എ കെ 16-03-16